Kerala Board



Question Paper

First Term

aglasem.com

A

സമഗ്ര ശിക്ഷാ, കേരളം

812

പാദവാർഷിക മൂല്യനിർണ്ണയം 2024-25

മലയാളം

അടിസ്ഥാനപാഠാവലി

ക്ലാസ് : 8

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

നിർദേശങ്ങൾ

- 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.
(1 സ്കോർ വീതം) **(4 x 1 = 4)**

1. പുതുവർഷം എന്ന കവിതയിൽ കൗമാരകാലത്തിന്റെ സവിശേഷതകൾ സൂചിപ്പിച്ച വരികൾ ഏത്?

   - "അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു-
     മില്ലാതിരുന്നൊരാപ്പോയ കാലം."
   - "പുസ്തകസഞ്ചിയിൽക്കൊച്ചുനെല്ലിക്കയും
     പച്ചപ്പുളിയുമൊളിച്ച കാലം."
   - "ആരോടും ചേരുവാനാകാതെ, വൈദ്യുത-
     വീചിപോലാപത്തായ് മാറും കാലം."
   - "മാവേലി നാടുവാണീടുംകാലം പാടി-
     പ്പൂനുള്ളിപ്പോയ പൊന്നോണക്കാലം."

2. "നിങ്ങളിങ്ങനെ കണ്ണിച്ചോരയില്ലാതെ പറേന്നല്ലോ." അടിവരയിട്ട ശൈലി സൂചിപ്പിക്കുന്നത് എന്ത്?

   - കടുത്ത പ്രതിഷേധത്തോടെ
   - കഠിനമായ സങ്കടത്തോടെ
   - അതിമോഹത്തോടെ
   - ഒട്ടും ദയയില്ലാതെ

3. "ആകുലചിന്തകളായിരം കുന്തങ്ങ-
   ളാഴത്തിൽകോർക്കും ശിരസ്സുനീർത്തി"
   ഇവിടെ 'ആകുലം' എന്ന പദത്തിന്റെ അർഥമായി വരുന്ന പദം ഏത്?

   - ഉല്ലാസം
   - ദുഃഖം
   - സന്തോഷം
   - ആഹ്ലാദം

4. 'വാഴക്കൂട്ടത്തിന് നേർക്ക് കൈയോടിച്ചുകൊണ്ട് വൃദ്ധൻ തുടർന്നു: "ഇതാണ് എന്റെ അന്നന്നേപ്പം." ഇവിടെ 'അന്നന്നേപ്പം' എന്ന പദം നൽകുന്ന ആശയം ഏത്?

- വാഴപ്പഴം മാത്രം കഴിച്ചാണ് അവർ ജീവിച്ചത്
- വാഴകളായിരുന്നു അവരുടെ ഉപജീവനമാർഗം
- വാഴയിലയിലാണ് അവർ ആഹാരം കഴിച്ചിരുന്നത്
- വാഴപ്പഴം കൊണ്ടുണ്ടാക്കിയ അപ്പം വിറ്റാണ് അവർ ജീവിച്ചത്

5. ശരിയായി പിരിച്ചെഴുതിയ പദക്കൂട്ടം ഏത്?

- രഹസ്യമറിയണം - രഹസ്യം, മറിയണം
- തുളുമ്പിപ്പോകാതെ - തുളുമ്പി, പ്പോകാതെ
- തുകൽത്താളുകൾ - തുകൽ, താളുകൾ
- കൈവശമുള്ള - കൈവശ, മുള്ള

6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം) **(2 x 2 = 4)**

6. "മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ-
ടൊപ്പമെന്നമ്മയും തുമ്പപോലെ" (പുതുവർഷം)

അമ്മയെ തുമ്പപ്പൂവായി സങ്കല്പിച്ചതിന്റെ ഔചിത്യം എഴുതുക.

7. • അവരാണ് തന്നെ സമീപിച്ചിരിക്കുന്നത് എന്നറിഞ്ഞപ്പോൾ ആ പാവപ്പെട്ട കർഷകന്റെ ഉള്ളിൽ തീ പിടിച്ചു.

• വേനൽച്ചൂടിൽ കാടിന് തീ പിടിച്ചു.

'തീ പിടിച്ചു' എന്ന പ്രയോഗം വാക്യങ്ങൾക്കു നൽകുന്ന അർഥവ്യത്യാസം എഴുതുക.

8. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.

ജ്ഞാനിയുടെ മുമ്പിൽ അവൻ പിന്നെയും ചെന്നു നിന്നു. കണ്ട കാഴ്ചകളെല്ലാം വിശദമായിത്തന്നെ അദ്ദേഹത്തെ പറഞ്ഞു കേൾപ്പിച്ചു.

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം) **(5 x 4 = 20)**

9. "ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരി-
ച്ചാരോടും കൂടി നടന്ന കാലം"

(പുതുവർഷം)

കൂട്ടുകാരോടൊപ്പമുള്ള സന്തോഷകരമായ അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടല്ലോ. നിങ്ങളുടെ സൗഹൃദത്തെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പ് തയ്യാറാക്കുക.

(മറുപുറം)

10. "ഇത്തിരിമണ്ണില്ലാതെത്രപേർ; കൂടുപോൽ
കൊച്ചുവീടെത്ര; പൂവെങ്ങു പിന്നെ!
ഫ്ളാറ്റിലെ ബാൽക്കണിത്തുഞ്ചത്തു കർക്കട-
ക്കാറ്റും മഴയും കൊടി ചുരുക്കി"

(പുതുവർഷം)

ഈ വരികളിൽ കവയിത്രി സൂചിപ്പിക്കുന്ന സാമൂഹികപ്രശ്നങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

11. 'ഇടയന്റെ മോഹം നാടുചുറ്റി കാഴ്ചകൾ കാണുകയാവാം. ആയിക്കോട്ടെ. അപ്പോഴും അവന്റെ കണ്ണ് സ്വന്തം ആട്ടിൻകൂട്ടത്തിന്റെ മേൽത്തന്നെയുണ്ടാകണം.'

(എണ്ണ നിറച്ച കരണ്ടി)

'ഭൂമിയിലായിരിക്കുമ്പോൾ ഒരു കീറ് ആകാശവും
ആകാശത്തായിരിക്കുമ്പോൾ
ഒരുപിടി മണ്ണും മനസ്സിൽ സൂക്ഷിക്കുക.'

(വേരും തളിരും)

തന്നിരിക്കുന്ന വരികളിലെ ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

12 'ഒരാളെ വിശ്വസിക്കുന്നതിനുമുമ്പ് അവന്റെ ചുറ്റുപാടുകൾ ശരിയായി മനസ്സിലാക്കിയിരിക്കണം.'

(എണ്ണ നിറച്ച കരണ്ടി)

'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധിപ്പിച്ച് ജ്ഞാനിയുടെ ഉപദേശത്തിന്റെ പൊരുൾ വ്യാഖ്യാനിക്കുക.

13.
- "പച്ചരിയല്ലാതെ ഒറ്റപ്പീടികേലെങ്കിലും പുഴുക്കലരി കിട്ടാനില്ല. നാട്ടോടെ നടപ്പുള്ളതല്ലേ. ഇന്നി ഇതുപോലും കിട്ടുകേലെന്നാ."
- 'ആവശ്യത്തിനുള്ള വളത്തിന് എത്ര ചുരുങ്ങിയാലും ഒരു അമ്പതു രൂപാ വേണം. അമ്പതുചക്രം ഉണ്ടായിരുന്നെങ്കിൽ റാഹേലിന് ഒരു ചട്ട അയാൾ തയ്പ്പിച്ചേനേ.'

(ആ വാഴവെട്ട്)

സൂചനകൾ പരിഗണിച്ച് അക്കാലത്തെ ജീവിതാവസ്ഥകൾ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

14.
- 'തിണ്ണയിൽ ചിതറിക്കിടക്കുന്ന ചപ്പും കുപ്പയും കൈച്ചുറുക്കോടുകൂടി റാഹേൽ തൂത്തുവാരി. അവൾ അതിഥികൾക്ക് ഇരിക്കുവാൻ ഒരു പായ് നിവർത്തു.'
- "എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടിമൂടുക" - ഒരു സിംഹിയെപ്പോലെ തന്റേടത്തോടുകൂടി റാഹേൽ പറഞ്ഞു.

(ആ വാഴവെട്ട്)

രണ്ടു സന്ദർഭങ്ങളിലെയും റാഹേലിന്റെ പെരുമാറ്റം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം) (2 x 6 = 12)

15. "ഓണപ്പുലർച്ചയിൽ കൂരിരുൾ നീക്കിയെൻ
വീടിന്നകത്തമ്മ വന്നുദിക്കും.
മാലറ്റുപോകും, വരുംവർഷമക്ഷയ-
ശ്രീയാം വലത്തുകാൽ വച്ചുകേറും."

(പുതുവർഷം)

കവിതയിലെ ആശയങ്ങളും ജീവിതാനുഭവങ്ങളും വിശകലനം ചെയ്ത് 'ശുഭാപ്തി വിശ്വാസവും ജീവിതവിജയവും' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

16.
- കവിൾത്തടം വാഴപ്പിണ്ടിയിൽ അമർത്തിനിന്ന് ആ കർഷകൻ കരഞ്ഞു. ഇന്നുവരെ അയാൾ ആ വാഴച്ചുവട്ടിൽ ഒഴിച്ചിട്ടുള്ളത് ജലവും വിയർപ്പുതുള്ളികളും മാത്രമാണ്. അന്ത്യദിനത്തിൽ അയാൾ ഇതാ തന്റെ വിലയേറിയ കണ്ണീർത്തുള്ളികളും അതിനു നൽകുന്നു.
- "ഞാൻ കൃഷിക്കാരനല്ലേ? രോഗമുള്ളത് ഞങ്ങൾക്ക് തിരിച്ചറിയാം."

(ആ വാഴവെട്ട്)

തന്നിട്ടുള്ള സൂചനകളും പാഠഭാഗവും വിശകലനം ചെയ്ത് 'ആ വാഴവെട്ട്' എന്ന കഥയിലെ മർക്കോസ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

17.
- 'ഒരുഭാഗത്ത് ചെറിയൊരു ഗാനമേള. അതിനപ്പുറത്ത് അതിസമൃദ്ധമായൊരു വിരുന്നുമേശ. വലിയ വലിയ തളികകൾ നിറച്ച് ആസ്വാദ്യകരങ്ങളായ പലതരം വിഭവങ്ങൾ വിളമ്പിവച്ചിരിക്കുന്നു...'
- "പക്ഷേ, ഞാൻ നിന്റെ കൈയിലേൽപ്പിച്ച ആ രണ്ടുതുള്ളി എണ്ണയെവിടെ?" ജ്ഞാനിയുടെ ചോദ്യം.

(എണ്ണ നിറച്ച കരണ്ടി)

സന്തോഷത്തിന്റെ രഹസ്യംതേടി ജ്ഞാനിയുടെ അടുത്തേക്കുള്ള സാന്റിയാഗോയുടെ യാത്രയിൽ നിങ്ങളുമുണ്ടായിരുന്നെന്നു കരുതുക. കൊട്ടാരത്തിൽ കണ്ട കാഴ്ചകളും അനുഭവങ്ങളും ഉൾപ്പെടുത്തി സുഹൃത്തിന് കത്ത് തയ്യാറാക്കുക.

QUESTION PAPERS

GET PREVIOUS YEAR QUESTION PAPERS FOR ALL CLASSES FOR CBSE, ISCSE, ISC AND ALL ALL STATE BOARDS HERE AT AGLASEM.COM

BOARD WISE

- Andhra Pradesh Board Question Papers
- Assam Board Question Papers
- Bihar Board Question Papers
- Chhattisgarh Board Question Papers
- Goa Board Question Papers
- Gujarat Board Question Papers
- Haryana Board Question Papers
- Himachal Pradesh Board Question Papers
- J&K State Board Question Papers
- Jharkhand Board Question Papers
- Karnataka Board Question Papers
- Kerala Board Question Papers
- Madhya Pradesh Board Question Papers
- Maharashtra State Board Question Papers
- Manipur Board Question Papers
- Meghalaya Board Question Papers
- Mizoram Board Question Papers
- Nagaland Board Question Papers
- Orissa Board Question Papers
- Punjab Board Question Papers
- Rajasthan Board Question Papers
- Tamil Nadu Board Question Papers
- Telangana State Board Question Papers
- Tripura Board Question Papers
- Uttarakhand Board Question Papers
- Uttar Pradesh (UP) Board Question Papers
- West Bengal (WB) Board Question Papers